**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1715** — **13.07.2011 – ൽ മറുപടി നൽകേണ്ടിയിരുന്നത്**

**ആറ്റിങ്ങലിലെ തടി സംസ്കരണ വ്യവസായം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ബി. സത്യൻ | | ശ്രീ. കെ.പി.മോഹനൻ (കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ആറ്റിങ്ങൽ മണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്ന നാളികേര വികസന കോർപ്പറേഷന്റെ കീഴിലുള്ള സ്ഥാപനത്തിൽ ആരംഭിച്ച തടി സംസ്കരണ വ്യവസായത്തിന്റെ ഇപ്പോഴത്തെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | കേരഫെഡ് ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡുമായി ചേർന്ന് ആറ്റിങ്ങൽ മണ്ഡലത്തിൽ മാമം നാളീകേര വികസന കോർപ്പറേഷന്റെ വക സ്ഥലത്ത് തെങ്ങിൻതടി സംസ്ക്കരണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി വരുന്നു. പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കി മേൽ സൂചന രണ്ട് പ്രകാരം ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ്, സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിൽ ഭവന നിർമ്മാണ ആവശ്യത്തിനുള്ള വിവിധ ഘടകയിനങ്ങൾ (പാനൽ ബോർഡ്, കട്ടള, ജനൽ), ഗൃഹോപകരണങ്ങൾ, എന്നിവയും രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളിലൂടെ ശാസ്ത്ര സാങ്കേതിക സഹായത്തോടെ ഒരുക്കി എടുക്കുന്ന പാർട്ടിക്കിൾ ബോർഡുകൾ, ഫ്ലോറിംഗ് ഘടകങ്ങൾ എന്നീ ഇനങ്ങളും നിർമ്മിക്കാനുള്ള പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്. കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം വെട്ടി നീക്കുന്ന പ്രായമേറിയതും ഫലശൂന്യവും രോഗബാധിതവുമായ തെങ്ങിൻ തടികൾ ക്ലസ്റ്ററിൽ നിന്നും ശേഖരിച്ച് ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) നിലവിലുള്ള നാളികേര കോംപ്ലക്സ് ആധുനികവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോ;<br>(സി) വളരെയധികം വികസന സാധ്യതയുള്ള പ്രസ്തുത സ്ഥാപനത്തെ തകർച്ചയിൽനിന്ന് രക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) യും (സി) യും | നാളികേര വികസന കോർപ്പറേഷന്റെ ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തുന്ന നടപടികൾ പൂർത്തിയായശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ